ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കുടിശ്ശിക തുക സംബന്ധിച്ച വിവരം ശേഖരിച്ച് സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

141 [1120] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ കോഴ്സുകളിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സംസ്ഥാനത്തിനകത്ത് പഠിക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെല്ലാം സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുകയാണോ യെന്ന് വ്യക്തമാക്കാമോ;

(സി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) ദേശീയ തലത്തിൽ നിലവാരമുള്ള കോഴ്സുകൾക്കും മത്സരപരീക്ഷ കൾക്കും പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എയ്ഡഡ്/അൺ എയ്ഡഡ് വ്യത്യാസം കണക്കിലെടുക്കാതെ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ വിദ്യാലയങ്ങളിലും സർക്കാരേതിര വിദ്യാലയങ്ങളിലും പഠിക്കുന്നുണ്ട്.

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സി.ബി.എസ്.ഇ., ഐ.സി. എസ്.ഇ. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസിളവിന് പുറമെ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി വരുന്നു. അൺഎയ്ഡഡ് സ്കൂളുകളിൽ 7-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 1000 രൂപ വരെയും 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഒരു വർഷം 1500 രൂപ വരെയും ട്യൂഷൻ ഫീസ് മാത്രം അനുവദിച്ചു നൽകി വരുന്നു. ഒപ്പം സ്പെഷ്യൽ ഫീസും അനുവദിച്ചു നൽകാറുണ്ട്.

(ഡി) തൽക്കാലം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly